# 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി

**ഫോറം നമ്പർ 1 ബി**
**(ഖണ്ഡിക 26 (1) കാണുക)**

## അംഗത്വത്തിനുള്ള അപേക്ഷ

[മുൻ പ്രവാസി കേരളീയൻ (വിദേശം)]

1. അപേക്ഷകന്റെ /അപേക്ഷകയുടെ പേര് : ____________________

2. അച്ഛന്റെ / ഭർത്താവിന്റെ പേര് : ____________________

3. ജനനതീയതിയും, പൂർത്തിയായ വയസ്സും :

| തീയതി | മാസം | വർഷം | വയസ്സ് |
|---|---|---|---|
| | | | |

4. കേരളത്തിലെ സ്ഥിര മേൽവിലാസം
വീട്ടു പേര്
(തപാലാഫീസ്, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഇവ ഉൾപ്പെടെ) :

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| വില്ലേജ് | | താലൂക്ക് | |
| ജില്ല | | പിൻകോഡ് | |

5. കത്തിടപാട് നടത്തുന്നതിനുള്ള പൂർണ്ണ മേൽവിലാസം (ടെലിഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ)

| | | |
|---|---|---|
| | | |
| | | |
| | | |
| ടെലിഫോൺ നമ്പർ : | വസതി | മൊബൈൽ |
| | | |
| ഇ-മെയിൽ : | | |

6. വിദേശത്ത് ആയിരുന്നപ്പോൾ കേരള സർക്കാർ സംരംഭമായ നോർക്ക റൂട്ട്സിൽ നിന്നും ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടുണ്ടോ എങ്കിൽ ഐ.ഡി. നമ്പർ : ____________________

7. വിദേശത്ത് എത്രകാലം ഉപജീവനാർത്ഥം താമസിച്ചു (ഏത് തീയതി മുതൽ ഏതു തീയതി വരെയെന്നും രാജ്യത്തിന്റെ പേരും) : ____________________

8. വിദേശത്ത് പോകുവാനുപയോഗിച്ച പാസ്പോർട്ട് നമ്പർ, നൽകിയ പാസ്പോർട്ട് ഓഫീസ് : ____________________

9. വിസയുടെ നമ്പറും രാജ്യത്തിന്റെ പേരും (ലഭ്യമെങ്കിൽ) : ____________________

10. വിദേശത്ത് ചെയ്ത തൊഴിലിന്റെ വിവരങ്ങൾ (സ്ഥാപനത്തിലെ ജോലി, സ്വയംതൊഴിൽ, ബിസിനസ്സ്, ഉപജീവനാർത്ഥം താമസിച്ചത്) ഏതെന്ന് വ്യക്തമാക്കുക : ____________________

11 വിദേശത്തു താമസിച്ചത് തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖ. : ____________________

12. കേരളത്തിൽ തിരിച്ചെത്തിയ തീയതി : ____________________

13. വിദേശത്തു നിന്നും തിരികെ വരുവാനുള്ള കാരണം : ______________________

______________________

14. ഇപ്പോൾ ചെയ്തുവരുന്ന ജോലിയുടെ വിശദാംശങ്ങൾ : ______________________

15. അപേക്ഷകന്റെ മതം, വിദ്യാഭ്യാസ യോഗ്യത, വൈവാഹിക പദവി : ______________________

______________________

16. പ്രതിമാസ വരുമാനം : ______________________

17. അടുത്ത രണ്ട് വർഷത്തിനിടയിൽ വിദേശത്തേക്ക് വീണ്ടും പോകുവാൻ ഉദ്ദേശമുണ്ടോ? : ______________________

18. നിലവിൽ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമാണോ/ആണെങ്കിൽ ക്ഷേമനിധിയുടെ പേരും അംഗത്വനമ്പറും, തീയതിയും : ______________________

______________________

## <u>അപേക്ഷകന്റെ നോമിനേഷൻ</u>

എന്റെ മരണശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഞാൻ താഴെപറയുന്നവരെ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ/നോമിനികളുടെ പേരും വിലാസവും | വയസ്സ് | അപേക്ഷകനുമായുള്ള ബന്ധം | നൽകേണ്ട തുകയുടെ അനുപാതത്തിന്റെ വിഹിതം | മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും ബന്ധവും |
|---|---|---|---|---|---|
| | | | | | |

കുറിപ്പ് :- (1) വിവാഹിതരായ അപേക്ഷകരാണെങ്കിൽ ഭാര്യ/ഭർത്താവിനെ/മക്കളെ നോമിനേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.
(2) അവിവാഹിതനാണെങ്കിൽ അവർ വിവാഹിതരാകുന്ന മുറയ്ക്ക് ഈ നോമിനേഷൻ റദ്ദായിപ്പോയതായി കണക്കാക്കുന്നതാണ്.

പേര് :

അപേക്ഷകന്റെ ഒപ്പ് :

# <u>സാക്ഷ്യപത്രം</u>

**<u>(ഫാറം 1ബി രജിസ്ട്രേഷന് വേണ്ടി)</u>**

***(വില്ലേജ് ഓഫീസർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് അഥവാ സെക്രട്ടറി/ഗസറ്റഡ് ഓഫീസർ/ നിയമ സഭാംഗം/ പാർലമെന്റ് അംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തേണ്ടതാണ്. )***

.............................................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ - ലെ ........ - ാം വാർഡിൽ (പൂർണ്ണവിലാസം)..............................................................................................................
...........................................................................................................................................................
...........................................................................................................................................................
സ്ഥിര താമസമാക്കിയ .................................................................................................. - ന്റെ മകൻ/മകൾ ആയ ശ്രീ/ശ്രീമതി........................................................................................ ജനനതീയതി..................................... വിദേശത്ത് ജോലി ചെയ്തതായും ....................ാം തീയതി മുതൽ നാട്ടിൽ സ്ഥിരതാമസമാക്കിയതാണെന്നും ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

ഒപ്പ് :

സ്ഥലം :

തസ്തിക :

തീയതി :

# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

## പ്രവാസി കേരളീയ ക്ഷേമ ബോർഡ് – അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട വിധം

വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചു വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചു വരുന്നവർക്കും, അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 60 നും മധ്യേയായിരിക്കണം. സർക്കാർ, അർദ്ധ സർക്കാർ / മറ്റുസ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും പെൻഷന് അർഹത നേടുകയും ചെയ്യുന്നവർക്ക് ക്ഷേമ ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മറ്റു ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് ഉപാധികൾക്ക് വിധേയമായി മാത്രമേ ഇതിൽ അംഗത്വമെടുക്കാൻ സാധിക്കുകയുള്ളൂ. അപേക്ഷ സമർപ്പിക്കാൻ ഉപയോഗിക്കേണ്ട ഫോറം, അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ, രജിസ്ട്രേഷൻ ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകർ | ഉപയോഗിക്കേണ്ട ഫോറം | അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | **വിദേശത്ത് ജോലി ചെയ്യുന്നവർ [പ്രവാസി കേരളീയൻ (വിദേശം)]** | ഫോറം നമ്പർ 1A | 1) ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്*<br>2) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് *<br>3) പ്രാബല്യത്തിലുള്ള വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് *<br>* അപേക്ഷകർ വിദേശത്തുനിന്ന് അപേക്ഷിക്കുകയാണെങ്കിൽ പാസ്പോർട്ടിന്റെയും വിസയുടെയും പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിച്ചാൽ മതി. പിന്നീട് മൂന്നുവർഷത്തിനകമോ അല്ലെങ്കിൽ ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുമുമ്പോ ഏതാണോ ആദ്യം എന്ന നിലയിൽ രേഖകളുടെ ഒറിജിനൽ ബന്ധപ്പെട്ട പ്രവാസി ക്ഷേമനിധി അധികാരികളുടെ മുന്നിൽ ഹാജരാക്കി സാക്ഷ്യപ്പെടുത്തുകയോ അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകളുടെ പകർപ്പ് ഹാജരാക്കുകയോ ചെയ്യണം |
| 2 | **വിദേശത്ത് നിന്ന് തിരിച്ചു വന്നവർ [മുൻ പ്രവാസി കേരളീയൻ (വിദേശം)]** | ഫോറം നമ്പർ 1B | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4) വിദേശത്ത് താമസിച്ചത് തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>5) രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ പ്രവാസി കേരളീയനായിരുന്നുവെന്നും തിരിച്ചുവന്ന് ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയതാണെന്നും തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസറ്റഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രം. |
| 3 | **ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ [പ്രവാസി കേരളീയൻ (ഭാരതം)]** | ഫോറം നമ്പർ 2A | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) അപേക്ഷകൻ കേരളത്തിന് പുറത്ത് ഇന്ത്യയിൽ ആറുമാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസറ്റഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രമോ റേഷൻ കാർഡോ ബോർഡ് നിശ്ചയിക്കുന്ന വിധമുള്ള രേഖയോ ഹാജരാക്കണം.<br>3) കേരളത്തിന് പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം/ബിസിനസ്സ്/സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിന് വേണ്ടിയാണ് താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽനിന്നോ വില്ലേജ് ആഫീസറിൽ നിന്നോ തത്തുല്യപദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ ഉള്ള സാക്ഷ്യപത്രമോ ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം. |

***** ജനന തീയതി/വയസ് തെളിയിക്കുവാൻ ജനന-മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

**നിശ്ചിതയോഗ്യതകളില്ലാത്തതും അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. നിരസിക്കപ്പെടുന്ന അപേക്ഷകളുടെ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതല്ല.**